എന്നിവ മുഖേന ബോർഡിന്റെ തീരുമാനപ്രകാരം നികത്താവുന്നതാണ്. ഇതിനുപുറമെ ഈ ഒഴിവുകൾ ഭരണപരമായ കാര്യക്ഷമതയ്ക്കും സൗകര്യത്തിനുംവേണ്ടി മുൻ നിശ്ചയിക്കപ്പെട്ട അനുപാതത്തിൽ വ്യതിയാനം വരുത്തിക്കൊണ്ട് ബോർഡ് തീരുമാനപ്രകാരം സ്ഥാനക്കയറ്റം വഴിയും നികത്താവുന്നതാണ്. മുൻകാലങ്ങളിൽ സ്ഥാനക്കയറ്റം വഴി ഒഴിവുകൾ നികത്തിയത് ഈ മാനദണ്ഡങ്ങൾ അനുസരിച്ചാണ്.

ഗവൺമെന്റ് പ്ലീഡർമാരുടെയും പ്രോസിക്യൂട്ടർമാരുടെയും നിയമനത്തിലെ അഴിമതി

184 (4175) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതി, ജില്ലാ കോടതികളിലേക്ക് നടന്നിട്ടുള്ള ഗവൺമെന്റ് പ്ലീഡർമാരുടെയും, പ്രോസിക്യൂട്ടർമാരുടെയും നിയമനത്തിൽ അഴിമതി നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

നിയമ വ്യവസ്ഥകൾ

185 (4176) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളെ അടക്കി ഭരിക്കാൻ വേണ്ടിയുണ്ടാക്കിയ നിയമനിർമ്മാണ കാഴ്ചപ്പാടിൽ നിന്നും സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം സംസ്ഥാനത്തെ നിയമനിർമ്മാണ കാഴ്ചപ്പാടിന്, ഗുണപരമായ മാറ്റം എത്രത്തോളം ഉണ്ടായിട്ടുണ്ടെന്നു പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) നിയമങ്ങൾ അനുസരിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണെന്ന് ജനങ്ങളെ ബോധവത്ക്കരിക്കാൻ കൂടി ഉതകും വിധമുള്ള കാഴ്ചപ്പാട്, അധികാര കേന്ദ്രീകരണത്തിനും, ദണ്ഡനീതിക്കുമുപരിയായി നിയമ വ്യവസ്ഥകളിൽ ഉൾപ്പെടുത്തുന്ന നയം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബ്രിട്ടീഷ് ഭരണകാലത്ത് നിലനിന്നിരുന്ന ഏതു നിയമങ്ങൾ ഇപ്പോഴും സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടോ, അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ ;

(ഡി) നിയമവ്യവസ്ഥകൾ അനുസരിക്കാൻ പര്യാപ്തമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താതെ, ശിക്ഷാവ്യവസ്ഥകൾ മാത്രം ഉൾപ്പെടുത്തുന്ന നിയമനിർമ്മാണ രീതി പരിഷ്കൃത സമൂഹത്തിനും മാറിയ ഭരണവ്യവസ്ഥയ്ക്കും അനുയോജ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

നിർമ്മിതി കേന്ദ്രം

186 (4177) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർമ്മിതി കേന്ദ്രയെ പ്രത്യേക ബോർഡോ/കോർപ്പറേഷനോ ആക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) നിർമ്മിതി കേന്ദ്രയുടെ 2-ാം ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതെന്തുകൊണ്ട്;

(ഡി) നിർമ്മിതി കേന്ദ്രയിൽ സർവ്വീസ് റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ഇല്ല. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിനുശേഷമേ നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളൂ.

(ഡി) ഇല്ല.

(ഇ) കരട് സർവ്വീസ് റൂൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly